**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1575** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ നഗരകൃഷി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നഗരകൃഷി പദ്ധതി പ്രകാരം ഗുരുവായൂർ മണ്ഡലത്തിലെ നഗരസഭകളിൽ 2022-23 വർഷത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ബൃഹത്ത് പദ്ധതിയാണ് 'സമഗ്ര പച്ചക്കറി വികസന പദ്ധതി\. പദ്ധതിയിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി റൂഫ് ടോപ്പ് കൾട്ടിവേഷൻ (നഗരകൃഷി/മട്ടുപ്പാവ് കൃഷി) ക്ക് പ്രോത്സാഹനം നൽകി വരുന്നു. പ്രസ്തുത പദ്ധതി ഘടകത്തിൽ സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചു വരുന്നു. ഇതിനായി മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിൽ ഒരു യൂണിറ്റിന് 2000/- രൂപ എന്ന നിരക്കിൽ സബ്സ്ഡി നൽകി വരുന്നു.<br><br>2022-23 സാമ്പത്തിക വർഷത്തിൽ ഗുരുവായൂർ മണ്ഡലത്തിലെ നഗരസഭകളിൽ 'നഗരകൃഷി പദ്ധതി' പ്രകാരം ചെടിച്ചട്ടികളിലുള്ള കൃഷി (റൂഫ് ടോപ്പ് കൾട്ടിവേഷൻ), ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയവയുടെ 300 യൂണിറ്റുകൾക്കായി 6 ലക്ഷം രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | 2022-23 വർഷത്തിൽ നഗരകൃഷി പദ്ധതി നടപ്പാക്കിയാൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന ചെലവിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | 'സമഗ്ര പച്ചക്കറി വികസന പദ്ധതി' പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് നഗരകൃഷി/റൂഫ് ടോപ്പ് കൾട്ടിവേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി ആകെ 820 ലക്ഷം രൂപ ചെലവ് വരുന്നു. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നം | ജില്ല | നഗരകൃഷി/റൂഫ് ടോപ്പ് കൾട്ടിവേഷനായി ചെലവാകുന്ന തുക (ലക്ഷം) |
|---|---|---|
| 1 | തിരുവനന്തപുരം | 70 |
| 2 | കൊല്ലം | 60 |
| 3 | പത്തനംതിട്ട | 60 |
| 4 | ആലപ്പുഴ | 70 |
| 5 | കോട്ടയം | 60 |
| 6 | ഇടുക്കി | 50 |
| 7 | എറണാകുളം | 70 |
| 8 | തൃശ്ശൂർ | 70 |
| 9 | പാലക്കാട് | 50 |
| 10 | മലപ്പുറം | 60 |
| 11 | കോഴിക്കോട് | 60 |
| 12 | വയനാട് | 40 |
| 13 | കണ്ണൂർ | 50 |
| 14 | കാസർഗോഡ് | 50 |
| | **ആകെ** | **820** |